പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1792** — 18.06.2012 ൽ മറുപടിയ്ക്ക്

**നൂറനാട് സ്റ്റേഷനിലെ പോലീസുകാർക്ക് മണ്ണ് ഖനനമാഫിയയുമായുള്ള ബന്ധം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | 02.06.2012-ൽ മാവേലിക്കര താലൂക്ക് സഭയിൽ നൂറനാട് പോലീസിനെ സംബന്ധിച്ച് മണ്ണ് ഖനനവുമായി ബന്ധപ്പെട്ട് എം.എൽ.എ. ഉന്നയിച്ച ആക്ഷേപത്തിന്മേൽ ഉന്നതതല പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ; | (എ) | ഇത് സംബന്ധിച്ച് മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. അന്വേഷണത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ കുറ്റക്കാരായി കണ്ടാൽ അവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരണം തേടുമോ ; | (ബി) | ബാധകമല്ല. |
| (സി) | നൂറനാട് സ്റ്റേഷനിൽ ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെടാതെയിരിക്കുന്ന ചില പോലീസുകാരാണ് ഇത്തരം അനധികൃത മാഫിയകൾക്ക് കൂട്ടുനിൽക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ